# അക്കാദമിക മാസ്റ്റർപ്ലാൻ
# 2025 – 26

## എ. എം. എം. ടി. ടി. ഐ.
## &
## യു. പി. സ്കൂൾ, മാരാമൺ

മാരാമൺ പി. ഒ.,
പിൻ. നമ്പർ : 689549
ഫോൺ നമ്പർ : 0468 2310040
പത്തനംതിട്ട, കേരളം

| | | |
|---|---|---|
| വിദ്യാഭ്യാസ ജില്ല | : | തിരുവല്ല |
| ഉപജില്ല | : | പുല്ലാട് |
| റവന്യു ജില്ല | : | പത്തനംതിട്ട |

# ഉള്ളടക്കം


- ആമുഖം
- സ്കൂളിനെക്കുറിച്ചുള്ള പ്രാഥമിക വിവരങ്ങൾ
- പ്രവർത്തന വിശദാംശങ്ങൾ
- ഉപസംഹാരം

# സ്കൂൾ വികസനപദ്ധതി

## എ.എം.എ.ടി.ടി.ഐ.& യു.പി.എസ്., മാരാമൺ

### ആമുഖം

പത്തനംതിട്ട ജില്ലയിൽ തിരുവല്ലാ വിദ്യാഭ്യാസ ജില്ലയിലും, പുല്ലാട് ഉപജില്ല യിലും ഉൾപ്പെട്ട എയ്ഡഡ് സ്കൂളാണ് എ.എം.എം. ടി.ടി.ഐ. & യു.പി.സ്കൂൾ. പുണ്യനദിയായ പമ്പയുടെ പടിഞ്ഞാറേതീരത്തോടു ചേർന്നുള്ള തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിൽ മാർത്തോമ്മാ സഭയുടെ നവീകരണനായകനായ അബ്രഹാം മൽപാന്റെ നാമധേയത്തിൽ മാരാമണ്ണിൽ സ്ഥിതിചെയ്യുന്ന ഒരു വിദ്യാഭ്യാസ സ്ഥാപ നമാണ് ഇത്.

1918-ൽ പാലക്കുന്നത്തു പി. എം. മത്തായി കശീശ്ശായുടെ ശ്രമഫലമായി മാരാമണ്ണിൽ സ്ഥാപിതമായ ഇംഗ്ലീഷ് മിഡിൽ സ്കൂളാണ് 1938-ൽ അബ്രഹാം മൽപാന്റെ നാമധേയത്തിൽ ട്രെയിനിംഗ് സ്കൂളായി മാറ്റപ്പെട്ടത്. എ.എം. എം. ടി.ടി.ഐ. & യു.പി.സ്കൂൾ (AMM T.T.I. & UP School) 2018-ൽ ശതാബ്ദി ആഘോഷിച്ചു.

ചരിത്രമുറങ്ങുന്ന മാരാമണ്ണിന്റെ ഹൃദയഭാഗത്ത് അറിവിന്റെ പ്രകാശ ഗോപുരമായി നിലനിൽക്കുന്ന ഈ സ്ഥാപനത്തിന് അനേകം മഹാരഥന്മാരെ സമൂ ഹത്തിന് സംഭാവന ചെയ്യാൻ സാധിച്ചിട്ടുണ്ട്.

ജാതി-മതി-രാഷ്ട്രീയ അതിർവരമ്പുകൾക്കപ്പുറം എല്ലാവരാലും ആദരിക്ക പ്പെടുന്ന മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ പത്മഭൂഷൺ ക്രിസോസ്റ്റം തിരുമേനി പൂർവ്വ വിദ്യാർത്ഥിയാണെന്നതും ഈ വിദ്യാലയത്തിന് യശ്ശസ്സു വർദ്ധി പ്പിക്കുന്നു.

പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി ഈ പൊതുവിദ്യാലയം മികവിന്റെ കേന്ദ്രമാക്കി മാറ്റുക, കുട്ടികളുടെ അവകാശങ്ങളെ സംരക്ഷിച്ച് ഗുണമേ ന്മയുള്ളയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ ഈ അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നു. ഇന്ന് പൊതുവിദ്യാഭ്യാസ മേഖല നേരിടുന്ന പ്രതി സന്ധികളും വെല്ലുവിളികളും ഈ വിദ്യാലയവും നേരിടുകയാണ്. വിദ്യാലയം കുട്ടികളെക്കൊണ്ട് നിറഞ്ഞിരുന്ന ഒരു കാലത്തുനിന്നും അൺ എയ്ഡഡ് വിദ്യാല യങ്ങളുടെ അതിപ്രസരംമൂലം കുട്ടികളുടെ എണ്ണം ഗണ്യമായി കുറഞ്ഞിരിക്കുന്നു.

പൊതുവിദ്യാലയങ്ങളെ കേവലം അറിവ് പകരുന്ന സ്ഥാപനങ്ങൾ എന്ന നിലയിൽനിന്നും മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുന്നതിനുള്ള പരിശ്രമങ്ങൾ

ഇന്ന് ഊർജ്ജിതമായി നടന്നുവരികയാണ്. വളരെയേറെ പണം മുടക്കി സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും വിലയ്ക്കു വാങ്ങേണ്ട ഒന്നല്ല വിദ്യാഭ്യാസം. അങ്ങനെയായാൽ അത് പണമെറിഞ്ഞു പണം വാരുന്ന മറ്റേതൊരു കച്ചവടപ്രവർത്തനവും പോലെയായിത്തീരും. മറിച്ച് സമൂഹത്തിന് ക്രിയാത്മകമായ സംഭാവനകൾ നൽകുന്നതിനുള്ള പ്രാപ്തി വളർത്തിയെടുക്കുകയാണ് വിദ്യാഭ്യാസംകൊണ്ട് സാധിതമാകേണ്ടത്. അറിവ് അതിനുള്ള ഒരായുധം മാത്രമാണ്. അതാകട്ടെ ക്ലാസ്സുമുറിയിലെ പഠിപ്പിക്കൽ (instruction) കൊണ്ടു മാത്രമല്ല ലഭ്യമാകുന്നത്. വിവരവിനിമയ സാങ്കേതികവിദ്യ ഉൾപ്പെടെ ലോകപരിസരമാകെയിൽ നിന്നും സ്വയം ആർജ്ജിക്കേണ്ടതാണ് അറിവ്. ഇങ്ങനെ സ്വന്ത നൈപുണികളെ വളർത്തിയെടുത്തും, സ്വന്തമായി ആർജ്ജിക്കുന്ന അറിവുകൾ ആയുധമാക്കിയും ലോകത്തിനു കൊള്ളാവുന്ന പൗരരായി ഒരു തലമുറ വളർന്നുവരുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന, വിദ്യാഭ്യാസപ്രവർത്തനത്തിൽ അദ്ധ്യാപകർ സഹായികളും വിദ്യാലയം മികവിന്റെ കേന്ദ്രവും വിദ്യാർത്ഥികൾ ജിജ്ഞാസ നിറഞ്ഞ അന്വേഷകരുമായി മാറേണ്ടതുണ്ട്. ഏറ്റവും ചെറിയ പ്രായം മുതൽ ഈ പ്രക്രിയ ആസ്വാദ്യകരമായി നിർവഹിക്കുന്നതിനു സഹായകരമാകുന്ന ഇടമാണ് വിദ്യാലയം. എ.എം.എം. ടി.ടി.ഐ & യു.പി.സ്കൂളിനെ വളർത്തിയെടുക്കുന്നതിനുള്ള അക്കാദമിക ആസൂത്രണ രേഖ 2025-26 അവതരിപ്പിക്കട്ടെ.

| കുട്ടികളുടെ എണ്ണം | |
|---|---|
| എൽ. പി. | 23 |
| യു. പി. | 27 |
| ടി.ടി.ഐ | 42 |

എ. എം. എം. ടി.ടി.ഐ. & യു. പി. സ്കൂളിൽ നഴ്സറി മുതൽ ഏഴാം ക്ലാസ് വരെയും കൂടാതെ ടി.ടി.ഐ. യും പ്രവർത്തിക്കുന്നു. ഈ വർഷം സ്കൂളിൽ 72 കുട്ടികളാണുള്ളത്. 13 അധ്യാപകരും 04 അനധ്യാപകരും ഈ വിദ്യാലയത്തിൽ സേവനം അനുഷ്ഠിക്കുന്നു.

| ക്രമ നമ്പർ | പേര് (അധ്യാപകർ) | വിഭാഗം | വിദ്യാഭ്യാസയോഗ്യത |
|---|---|---|---|
| 01 | ശ്രീമതി മിനി എം. ജോർജ്ജ് (പ്രിൻസിപ്പാൾ) | എച്ച്. എം. | MA. BEd. TTC |
| 02 | ശ്രീമതി ദീപ എലിസബേത്ത് മാത്യു | ടി.എസ്.എ. | MSc.. MEd. |
| 03 | ശ്രീമതി ഷെജി സൂസൻ വറുഗീസ് | ടി.എസ്.എ. | MA. MEd. |
| 04 | ശ്രീമതി ഷെറിൻ ആനി ജോസഫ് | ടി.എസ്.എ. | MA. BEd. |

| | | | |
|---|---|---|---|
| 05 | ശ്രീ. ജോസഫ് വി. ഐ. | യു.പി.എസ്.എ. | Pre-Degree, TTC |
| 06 | ശ്രീമതി സാറ പി. തോമസ് | യു.പി.എസ്.എ. | BA. TTC |
| 07 | ശ്രീമതി ജയ മേരി ജോൺ | യു.പി.എസ്.എ. | VHSC TTC |
| 08 | ശ്രീ. തോമസ് വറുഗീസ് | എൽ.പി.എസ്.എ. (Daily wages) | M.A. D.El.Ed. |
| 09 | ശ്രീമതി ബിനു ഈശോ | എൽ.പി.എസ്.എ. | BA. BEd. TTC |
| 10 | ശ്രീമതി അരുൺ ജ്യോതി വി. | എൽ.പി.എസ്.എ. (Daily wages) | Plus Two, TTC |
| 11 | ശ്രീമതി മെറിൻ ആൻ കോശി | എൽ.പി.എസ്.എ. | M.A. TTC |
| 12 | ശ്രീമതി ജ്യോതി ജോസ് | എൽ.ജി ഹിന്ദി (Part time Daily wages) | MA. BEd. |
| 13 | മിസ്. അനു വി. സന്തോഷ് | എൽ.പി.എസ്.എ. (Daily wages) | M.A. D.El.Ed. |

| ക്രമ നമ്പർ | പേര് (അനധ്യാപകർ) | വിഭാഗം | വിദ്യാഭ്യാസയോഗ്യത |
|---|---|---|---|
| 01 | മിസ്. റിനി മറിയം വർഗീസ് | ക്ലാർക്ക് | M.Com |
| 02 | ശ്രീ. ഷിബു ജേക്കബ് ജോൺ | അറ്റൻഡർ | S.S.L.C. |
| 03 | ശ്രീമതി ഏലിയാമ്മ അബ്രഹാം | ഓഫീസ് അറ്റൻഡന്റ് | S.S.L.C. |
| 04 | ശ്രീ. വർഗീസ് എബ്രഹാം | പി.ടി.സി.എം. | S.S.L.C. |

## മികവുകൾ.. നേട്ടങ്ങൾ...

ഈ വിദ്യാലയത്തിൽനിന്നും അക്ഷരമുറ്റം, യുറീക്ക, ദീപിക സ്കോളർഷിപ്പ്, എൽ.എസ്.എസ്., യു.എസ്.എസ്. തുടങ്ങി ഒട്ടനവധി സ്കോളർഷിപ്പ് പരീക്ഷകളിലും, ക്വിസ് മത്സരങ്ങളിലും പങ്കെടുപ്പിക്കുകയുണ്ടായി. 2025-26 അധ്യയനവർഷം ഒരു കുട്ടി എൽ.എസ്.എസ്. സ്കോളർഷിപ്പ് നേടുകയും ചെയ്തു.

- കലാരംഗത്ത് ഈ വിദ്യാലയത്തിലെ വിദ്യാർത്ഥികൾ മികച്ച പ്രകടനം കാഴ്ചവയ്ക്കാറുണ്ട്. ഉപജില്ലാ കലോത്സവത്തിൽ നിരവധി കുട്ടികൾ വിജയം നേടി. ഉപജില്ലാ ശാസ്ത്ര, സാമൂഹ്യശാസ്ത്ര, പ്രവൃത്തി പരിചയമേളയിൽ വിവിധ ഇനങ്ങൾക്ക് സമ്മാനം നേടുകയും ജില്ലാതല മത്സരങ്ങളിൽ പങ്കെടുക്കാൻ സാധിക്കുകയും ചെയ്തു.
- ജില്ലാ ശാസ്ത്രമേളയിൽ യു. പി. വിഭാഗം സയൻസ് സ്റ്റിൽ മോഡലിന് ഈ വിദ്യാലയത്തിലെ കുട്ടികൾ 'എ' ഗ്രേഡ് നേടുകയുണ്ടായി.

- സ്വന്തമായി ഒരു സ്കൂൾ വാഹനമുണ്ട്.
- അറുപത് ശതമാനത്തിനുമുകളിൽ കുട്ടികൾ പഠനത്തിൽ നല്ല നിലവാരം പുലർത്തുന്നു.
- ടി.ടി.ഐ.കലോത്സവത്തിൽ ജില്ലാതരം 2024-25 വർഷം ഉപന്യാസ രചന യിൽ ഒന്നാംസ്ഥാനവും 'എ' ഗ്രേഡും നേടി.
- കഴിഞ്ഞ അധ്യയനവർഷം ടി.ടി.ഐ.യുടെ വിജയശതമാനം (2024-25) 100% ആണ്.
- ഈ വിദ്യാലയത്തിൽ ഡി.എൽ.എഡ്. പഠിക്കുന്ന കുട്ടികൾക്ക് പലർക്കും - കെ.ടെറ്റ് പരീക്ഷയിൽ പാസാകുന്നതിന് സാധിച്ചു.
- കുട്ടികൾക്ക് പഠിക്കാനാവശ്യമായ ക്ലാസ്മുറികൾ സ്കൂളിൽ ഉണ്ട്.
- ലൈബ്രറി .
- ശാസ്ത്രലാബ്.
- കമ്പ്യൂട്ടർ ലാബ്, 7 ലാപ്ടോപ്പ്, 2 പ്രോജക്ടർ എന്നിവയും ഒരു വലിയ മൈതാനവും സ്കൂളിനുണ്ട്.

## പോരായ്മകൾ...

- എല്ലാ കുട്ടികളെയും മികച്ച വായനക്കാരോ എഴുത്തുകാരോ ആക്കിമാറ്റാൻ കഴിഞ്ഞിട്ടില്ല.
- കമ്പ്യൂട്ടർ അദ്ധ്യാപകൻ / അധ്യാപിക ഇല്ല.
- കലാ-കായിക-പ്രവൃത്തി പഠനമേഖലയിൽ അധ്യാപകരില്ലാത്തതിനാൽ ഈ മേഖലയിൽ പ്രാധാന്യം നൽകാൻ കഴിയുന്നില്ല.
- ശുചിമുറികൾ ഉണ്ടെങ്കിലും കുമാരി സൗഹൃദ ശുചിമുറികൾ ഇല്ല.
- ആകർഷകമായ പ്രവേശനകവാടം ഇല്ല.
- ഹൈടെക് ക്ലാസ്സ്റൂമുകൾ ഇല്ല.

## പൊതുലക്ഷ്യങ്ങൾ

- എല്ലാ വിദ്യാർത്ഥികളെയും അറിവിന്റെയും നൈപുണികളുടെയും തലത്തിൽ ഔന്നത്യം പുലർത്തുന്നവരായി വളർത്തിയെടുക്കുക.
- വ്യത്യസ്തങ്ങളായ ഏതു കഴിവ് കൈമുതലായ വിദ്യാർത്ഥിക്കും അതിനെ വികസിപ്പിച്ച് വളർത്തിയെടുക്കുന്നതിനുള്ള അവസരമൊരുക്കുക.
- ഏറ്റവും കുറഞ്ഞത് മാതൃഭാഷ, ഇംഗ്ലീഷ്, ഹിന്ദി എന്നീ മൂന്നു ഭാഷകളിൽ വായന, സംസാരം, എഴുത്ത് എന്നിവ മികവോടെ നിർവ്വഹിക്കുവാൻ എല്ലാ

വിദ്യാർത്ഥികൾക്കും സാധ്യമാക്കുക. പ്രത്യേകിച്ചും സർഗ്ഗാത്മക നിലയിലുള്ള പ്രാവീണ്യം ഈ നൈപുണികളിൽ സൃഷ്ടിക്കുക.

- ലോകത്തെവിടെയുമുള്ള സമാനപ്രായക്കാരുടെ അറിവും അനുഭവങ്ങളും പങ്കുവയ്ക്കുന്നതിനും വിശകലനം ചെയ്യുന്നതിനും ഈ വിദ്യാലയത്തിലെ വിദ്യാർത്ഥികളും പ്രാപ്തി നേടുന്നു എന്നുറപ്പാക്കുക.
- സ്കൂൾ വികസനത്തിന് സാമൂഹ്യപങ്കാളിത്തം ഉറപ്പാക്കുക, സാമൂഹ്യ-രാഷ്ട്രീയ-സാംസ്കാരിക സന്നദ്ധസംഘടനകളുടെ കൈത്താങ്ങൽ നാട്ടുകൂട്ടങ്ങളിലൂടെ ഉറപ്പാക്കുക.
- പി.ടി.എ., ക്ലാസ് പി.ടി.എ., പ്രാദേശിക പി.ടി.എ. എന്നിവ സ്കൂൾ പ്രവർത്തനങ്ങളിൽ സജീവവും നിരന്തരവുമായ പങ്ക് വഹിക്കുന്നു എന്ന ഉറപ്പു വരുത്തുക.
- എല്ലാ ക്ലാസ്സ്മുറികളും ഹൈടെക് ആക്കുക. അതുവഴി, അന്താരാഷ്ട്ര പഠന നിലവാരം ഉറപ്പാക്കുന്നതിനുള്ള പഠനോപകരണങ്ങൾ, ഇന്റർനെറ്റ് കണക്ടിവിറ്റി എന്നിവ എല്ലാ ക്ലാസ്സ് മുറികളിലും ലഭ്യമാക്കുക.
- എല്ലാ അദ്ധ്യാപകർക്കും ലാപ്ടോപ്പും, ഉപയോഗിക്കുന്നതിനുള്ള നിരന്തര പരിശീലനവും ഉറപ്പാക്കുക.
- ഓരോ കുട്ടിക്കും സ്വന്തം കമ്പ്യൂട്ടർ പദ്ധതി നടപ്പാക്കുക.
- ലക്ഷ്യം വയ്ക്കുന്ന മികവിൽ എത്തുന്നതിന് ഓരോ കുട്ടിക്കും വ്യക്തിഗത വിദഗ്ദ്ധ പിന്തുണ സംവിധാനപരമായിത്തന്നെ ഉറപ്പാക്കുക.
- വിദ്യാർത്ഥികൾക്ക് കൂട്ടായ പ്രവർത്തനങ്ങൾക്കും പൊതുവേദികളിൽ പ്രത്യക്ഷപ്പെടുന്നതിനും പൊതുവേദികളെ അഭിമുഖീകരിക്കുന്നതിനും പ്രമുഖവ്യക്തികളുമായി അഭിമുഖീകരണത്തിനും നിരന്തരമായി അവസരം ഉറപ്പാക്കുക; അതിനായി,
  - ✓ സാഹിത്യമുറി
  - ✓ വായനാമുറി
  - ✓ വായനാക്കൂട്ടവും ബാലസഭകളും
  - ✓ ഓൺലൈൻ ലൈബ്രറി
  - ✓ പ്രതിവാര സ്കൂൾ പത്രപ്രസിദ്ധീകരണം
  - ✓ പ്രതിമാസ പ്രിന്റഡ് പുസ്തക പ്രസിദ്ധീകരണം
- പരിസരശുചിത്വം, പരിസ്ഥിതിസംരക്ഷണം, ശുചിത്വഭാരതം എന്നീ അവബോധങ്ങൾ വളർത്തുന്നതിനുള്ള വേദികളും കർമ്മപരിപാടികളും സർഗ്ഗാത്മക പ്രവർത്തനങ്ങളും.
- കുമാരീസൗഹൃദ ശുചിമുറികൾ സ്ഥാപിച്ച് വീഴ്ചകൂടാതെ സംരക്ഷിക്കുക.

# പ്രവർത്തന വിശദാംശങ്ങൾ

## മലയാളം

### ലക്ഷ്യം

1. കുട്ടികളെ മികച്ച വായനക്കാരാക്കുക
(വായനാക്കൂട്ടം)

2. കുട്ടികളെ രചനാപരമായ മികവിലേക്ക് നയിക്കുക
(എഴുത്തുക്കൂട്ടം)

3. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ

4. കുട്ടികളുടെ സർഗ്ഗാത്മകശേഷി വികസിപ്പിക്കുന്നതിന് ഉതകുന്നവ

5. വ്യത്യസ്ത സന്ദർഭങ്ങളിൽ ആശയവിനിമയം നടത്തുന്നതിനുള്ള
കഴിവ് വികസിപ്പിക്കുന്നു.

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

### അക്കാദമികം

- ഭാഷാശേഷി വികസനം
- വായനാപരിപോഷണം
- ലൈബ്രറി ശാക്തീകരണം
- സ്കൂൾ പത്രം/മാസിക
- രചനാശില്പശാല
- ഭാഷാലാബ്
- ബാലസഭ
- ബ്ലോഗ്
- പ്രതിഭാപോഷണം
- അഭിമുഖങ്ങൾ
- ഇംഗ്ലീഷ് പഠന പരിപോഷണം
- നാടകക്കളരി
- സാഹിത്യപോഷണ പരിപാടികൾ
- സെമിനാറുകൾ
- ♦ റേഡിയോ മാരാമൺ
- ♦ മാരാമൺ വിഷൻ
- ♦ ഗണിതശേഷി വികസനം
    - ഗണിതലാബ്, ഗണിതാന്തരീക്ഷമൊരുക്കൽ
    - ഗണിതപാർക്ക്
- ♦ ശാസ്ത്രപോഷണപരിപാടി
    - ജൈവവൈവിധ്യപാർക്ക്
- ♦ ശാസ്ത്രാഭിരുചി വളർത്തൽ
- ♦ ലബോറട്ടറി ആധുനികവത്ക്കരിക്കൽ
- ♦ പച്ചക്കറിത്തോട്ടം
- ♦ സാമൂഹ്യശാസ്ത്രപോഷണ പരിപാടി
    - ലബോറട്ടറി നവീകരണം
- ♦ ആധുനിക ശാസ്ത്രസാങ്കേതികവിദ്യ സാധ്യതകൾ, സാമൂഹ്യശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തൽ
- ♦ പഠനയാത്രകൾ

## സാമൂഹികം

- പി.ടി.എ. ശക്തിപ്പെടുത്തൽ
- വിദ്യാലയ വികസനസമിതി
- പൂർവ്വവിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം
- ക്ലാസ് പി.ടി.എ. മാതൃകാപരമാക്കുന്നതിനുള്ള നടപടികൾ
- പഠനക്കൂട്ടം
- പ്രാദേശിക പി.ടി.എ.
- ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ, സന്നദ്ധസംഘടനകൾ, വിദ്യാഭ്യാസ പ്രവർത്തകർ, പൂർവ്വാധ്യാപകർ, സഹകരണ സ്ഥാപനങ്ങൾ, വ്യവസായഗ്രൂപ്പുകൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ.
- വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ.
- വിദ്യാലയ വിഭവങ്ങൾ സമൂഹത്തിനുംകൂടി പ്രയോജനപ്പെടുത്തൽ
- ഭവനസന്ദർശനം.

| ക്രമ നമ്പർ | പ്രവർത്തനം | വിശദാംശങ്ങൾ | കാലയളവ് | പ്രതീക്ഷിത ചെലവ് | ചുമതല |
|---|---|---|---|---|---|
| 1. | ക്ലാസ് വായനാക്കൂട്ടം രൂപീകരിക്കൽ വായനാമൂല, ക്ലാസ്സ് ലൈബ്രറി ലൈബ്രറി ഉണ്ടാക്കുക. | ഓരോ ക്ലാസ്സിലും കുറഞ്ഞത് 50 പുസ്തകങ്ങൾ ചേർത്ത് ക്ലാസ്സ് | 1 വർഷം | 5000 രൂപ ഓരോ ക്ലാസ്സിനും | അധ്യാപിക |
| | സമീപ ഗ്രന്ഥശാല അംഗത്വം കളിൽ കുട്ടികളെ കൊണ്ടുപോയി | സ്കൂളിന് സമീപത്തുള്ള ഗ്രന്ഥശാല അംഗത്വം എടുക്കുന്നു. രക്ഷകർത്താ-ക്കളിൽ നിന്ന് തെരഞ്ഞെടുത്തവരെ ഉൾപ്പെടുത്തി പുസ്തകങ്ങൾ എടുക്കാൻ തിരിച്ചുവയ്വെക്കൽ എന്നിവ നടത്തുന്നു. | ഹ്രസ്വകാലം | 1000 രൂപ | എസ്.ആർ.ജി. |
| | വായനാനുഭവം പങ്കുവയ്ക്കൽ | കുട്ടികൾ വായിച്ച പുസ്തകങ്ങളുടെ അനുഭവം അവർ ഗ്രൂപ്പുകളിൽ ഇരുന്ന് പങ്കുവയ്ക്കാൻ അവസരം നൽകൽ | ഹ്രസ്വകാലം | 1000 രൂപ | അധ്യാപിക |

| ക്രമ നമ്പർ | പ്രവർത്തനം | വിശദാംശങ്ങൾ | കാലയളവ് | പ്രതീക്ഷിത ചെലവ് | ചുമതല |
|---|---|---|---|---|---|
| | ദിനാചരണങ്ങൾ | പ്രധാനപ്പെട്ട ദിനങ്ങൾ ഓർക്കുകയും അവയുടെ പ്രത്യേകതകൾ ചേർത്ത് അസംബ്ലി, പതിപ്പ് എന്നിവ നടത്തൽ | 1 വർഷം മധ്യകാലം | 1000 രൂപ | അധ്യാപകർ |
| | സാഹിത്യകാരന്മാരുമായുള്ള അഭിമുഖം | കുട്ടികളെ സാഹിത്യകാരന്മാരുമായി അഭിമുഖം നടത്താനുള്ള അവസരം ഒരുക്കുക. | ദീർഘകാലം | 10000 രൂപ | അധ്യാപകർ പി.ടി.എ. |
| | ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും | ആനുകാലിക പ്രസിദ്ധീകരണങ്ങൾ വായന | ഹ്രസ്വകാലം | 5000 രൂപ | അധ്യാപകർ |
| | പൊതുവേദികളിൽ സംസാരിക്കാനുള്ള കഴിവ് | കിട്ടുന്ന പൊതുവേദികളിൽ കുട്ടികൾക്ക് സംസാരിക്കാൻ അവസരം നൽകുന്നു. | 1 വർഷം മധ്യകാലം | 5000 രൂപ | അധ്യാപകർ |

| ക്രമ നമ്പർ | പ്രവർത്തനം | വിശദാംശങ്ങൾ | കാലയളവ് | പ്രതീക്ഷിത ചെലവ് | ചുമതല |
|---|---|---|---|---|---|
| 2. | എഴുത്തുകൂട്ട രൂപീകരണം | രചനാപരമായ മികവിനായി കുട്ടികൾക്ക് കൂടുതൽ എഴുതാനും അവസരം നൽകുന്നു. | 1 വർഷം മധ്യകാലം | 5000 രൂപ | അധ്യാപകർ |
| | സഞ്ചരിക്കുന്ന ആസ്വാദനക്കുറിപ്പ് | സഞ്ചരിക്കുന്ന ലൈബ്രറിപോലെ ഓരോ സ്കൂളുകാർ എഴുതിയ ആസ്വാദനക്കുറിപ്പ് അടുത്ത സ്കൂളു-കാർക്ക് വായിക്കാൻ അവസരം ഉണ്ടാക്കുക | ഹ്രസ്വകാലം | 5000 രൂപ | അധ്യാപകർ |
| | ചുമർപത്രികാപതിപ്പ് | ചുമർപത്രികയും, പതിപ്പുകളും തയ്യാറാക്കാൻ അവസരം നൽകുന്നു. | 1 വർഷം മധ്യകാലം | 2000 രൂപ | അധ്യാപിക |
| | രചയിതാക്കളെ പരിചയപ്പെടൽ | രചയിതാക്കളെ പരിചയപ്പെടാൻ അവസരം നൽകുന്നു. | ദീർഘകാലം | 5000 രൂപ | അധ്യാപിക |

| ക്രമ നമ്പർ | പ്രവർത്തനം | വിശദാംശങ്ങൾ | കാലയളവ് | പ്രതീക്ഷിത ചെലവ് | ചുമതല |
|---|---|---|---|---|---|
| 3. | അക്ഷരം ഉറപ്പിക്കൽ<br>അടയാളം, ചിഹ്നങ്ങൾ ഉറപ്പിക്കൽ | വീഡിയോ കാണിച്ച വാക്കുകൾ, വാക്യങ്ങൾ എഴുതൽ, പുസ്തകം വായിച്ച് വാക്കുകൾ എഴുതൽ | 2 മാസം ഹ്രസ്വം | 500 രൂപ | അധ്യാപിക |
| | വാക്കുകൾ എഴുതിയ കാർഡ് | വാക്കുകൾ എഴുതിയ കാർഡ് | 4 മാസം ഹ്രസ്വം | 1000 രൂപ | അധ്യാപിക |
| | ചിത്രം നോക്കി കഥ എഴുതൽ | ചിത്രങ്ങൾ നോക്കി കഥ പറയുകയും എഴുതുകയും ചെയ്യുന്നു | 6 മാസം ഹ്രസ്വം | 1000 രൂപ | അധ്യാപിക |
| | വാക്യങ്ങൾ നിർമ്മിക്കൽ | വീഡിയോ കാണിച്ച് വാക്കുകളും വാക്യങ്ങളും ഉണ്ടാക്കാനും എഴുതാനും അവസരം | 6 മാസം ഹ്രസ്വം | 1000 രൂപ | അധ്യാപിക |
| | | | | | |

| ക്രമ നമ്പർ | പ്രവർത്തനം | വിശദാംശങ്ങൾ | കാലയളവ് | പ്രതീക്ഷിത ചെലവ് | ചുമതല |
|---|---|---|---|---|---|
| 4. | കവിതാ പാരായണം<br>കഥാരചന<br>കവിതാരചന<br>അഭിനയം<br>കോറിയോഗ്രാഫി<br>നാടകം<br>ചിത്രരചന<br>കായികം<br>നൃത്തം<br>അഭിനയഗാനം<br>കഥ പറയൽ<br>ഈണം നൽകൽ<br>പ്രവർത്തിപരിചയം<br>പസിലുകൾ | കവിതാപാരായണം<br>കഥാരചന<br>കവിതാരചന<br>അഭിനയം<br>കോറിയോഗ്രാഫി<br>നാടകം<br>ചിത്രരചന<br>കായികം<br>നൃത്തം<br>അഭിനയഗാനം<br>കഥ പറയൽ<br>ഈണം നൽകൽ<br>പ്രവർത്തിപരിചയം<br>പസിലുകൾ | 1 വർഷം<br>മധ്യകാലം | | അധ്യാപിക |

| ക്രമ നമ്പർ | പ്രവർത്തനം | വിശദാംശങ്ങൾ | കാലയളവ് | പ്രതീക്ഷിത ചെലവ് | ചുമതല |
|---|---|---|---|---|---|
| 5. | സംഭാഷണം | സംഭാഷണം | 1 വർഷം | 5000 രൂപ | അധ്യാപിക |
| | കഥ പറയൽ | കഥ പറയൽ | | | |
| | അഭിമുഖം | അഭിമുഖം | | | |
| | വാർത്താവായന | വാർത്താവായന | | | |
| | സംവാദം | സംവാദം | | | |
| | ചർച്ച | ചർച്ച | | | |
| | പൊതുവേദികളിൽ സംസാരിക്കാനുള്ള അവസരം | പൊതുവേദികളിൽ സംസാരിക്കാനുള്ള അവസരം | 1 വർഷം മധ്യകാലം | | അധ്യാപിക |
| | പൊതുപരിപാടികളിൽ പങ്കെടുക്കൽ | പൊതുപരിപാടികളിൽ പങ്കെടുക്കാനുള്ള അവസരം ഉണ്ടാക്കുക | 1 വർഷം മധ്യകാലം | | അധ്യാപിക രക്ഷകർത്താവ് |
| | സ്കൂൾ ക്ലബ് | സ്കൂൾ ക്ലബ് | 1 വർഷം മധ്യകാലം | | അധ്യാപിക |
| 6. | നവമാധ്യമങ്ങളിൽ പ്രവർത്തനങ്ങൾ പങ്കുവയ്ക്കുന്നു. | മലയാള ഭാഷയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നവമാധ്യമങ്ങളിൽ പങ്കുവയ്ക്കുന്നു. | 1 വർഷം | | അധ്യാപിക രക്ഷകർത്താവ് |

| No | Activity | Duration | Class | Aim |
|---|---|---|---|---|
| 1. | **STORY TIME** | | | |
| | • 1st and 3rd Friday of each month is selected as English day. | June, July Short Term | 1 to 7 | 1 |
| | • Selecting stories from the text book and dramatize it in each class room | Every second Friday - June, July Short Term | 5 to 7 | 1 |
| | • Each class starts a library corner where small books including short stories are kept. Small notes based on the books are made by the students and will be published. | Term end July last | 1 to 7 | 1, 2 |
| 2. | **Public Speaking** | | | |
| | • With the help of audio video equipments gives opportunity to hear and speak | August, September Short Term | 6, 7 | 1, 2, 3 |

| No | Activity | Duration | Class | Aim |
|---|---|---|---|---|
| **3.** | **<u>Drama and Script Writing</u>** | | | |
| | • Find the situations apt to form a drama from the Text book | Sept., Oct.<br>Short Term | 5, 6, 7 | 1, 2 |
| | • Short documentary | Nov., Dec.<br>Short Term | 5, 6, 7 | 1, 2, 3 |
| | • Choreography | Jan, - Feb.<br>Short Term | 5, 6, 7 | 1, 2, 3 |
| | • News reading | 1 year<br>Mid Term | 1 - 7 | 1, 2 |
| | Recitation | | | |
| | Speech | | | |
| 4. | English Assembly, English Theatre, English fest, Conducting different competitions in English | One year | 1 - 7 | 1, 2, 3 |

**മേഖല : അക്കാദമികം** **ഉപമേഖല : ഹിന്ദി**

**<u>ലക്ഷ്യം</u>**

- ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ
- വായനക്കൂട്ടം രൂപീകരിക്കൽ
  (കുട്ടികളിലെ വായന പരിപോഷിപ്പിക്കൽ)
- എഴുത്തുക്കൂട്ടം
  (എഴുതാൻ കഴിവുള്ള കുട്ടികളിൽ എഴുത്തുപരിശീലനം)
- ഹിന്ദി നാടകോത്സവം
  (സർഗ്ഗാത്മക വികസനം)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷാപരമായ പിന്നാക്കാ-വസ്ഥ പരിഹരിക്കൽ | ഹിന്ദിഭാഷ അനായാസം കൈകാര്യം ചെയ്യാനുള്ള അവസരങ്ങൾ സൃഷ്ടിക്കൽ | (1 വർഷം) മധ്യകാലം | ഹിന്ദി അധ്യാപിക | 5000 രൂപ സ്പോൺസർ ഷിപ്പ് |
| | 1. ഹിന്ദി കാർട്ടൂൺ | | | |
| | 2. ഹിന്ദി സിനിമകൾ കാണാനുള്ള അവസരം | (6 മാസം) ഹ്രസ്വം | | |
| | 3. വാർത്തകൾ കേൾക്കാനുള്ള അവസരം | (6 മാസം) ഹ്രസ്വം | | |
| | 4. ഹിന്ദി കവിതകൾ ഓഡിയോ കേൾക്കാനുള്ള അവസരം | (1 വർഷം) മധ്യകാലം | അധ്യാപിക | |
| | 5. ഹിന്ദി വാർത്താവതരണം | (1 – മധ്യകാലം | അധ്യാപിക | |
| | 6. ഹിന്ദി അറിയാവുന്ന പ്രമുഖരുമായി ആശയവിനിമയം ചെയ്യാനുള്ള അവസരം സൃഷ്ടിക്കൽ | (1 – ദീർഘകാലം | പി.ടി.എ. | |
| *വായനാക്കൂട്ടം (കുട്ടികളിലെ വായന പരിപോഷിപ്പിക്കൽ) | 1. കഥാവായന<br>2. വിവിധ സാഹിത്യങ്ങൾ – വായന<br>3. ശില്പശാലകൾ, ബാലസഭ | (1 – ദീർഘകാലം | പി.ടി.എ. മറ്റു സന്നദ്ധ സംഘടനകൾ | 2000 രൂപ പി.ടി.എ. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എഴുത്തുക്കൂട്ടം (എഴുതാൻ കഴിവുള്ള കുട്ടി-കളിൽ എഴുത്തുപരിശീലനം) | • കഥാരചന<br>• കവിതാരചന<br>• വിവിധ സാഹിത്യരചനകൾ<br>• സ്ക്രിപ്റ്റ് റൈറ്റിംഗ്<br>• എഡിറ്റിംഗ് | (1 മാസം – )<br>ദീർഘകാലം | അധ്യാപകൻ | 1000<br>പി. ടി. എ. |
| ഹിന്ദി നാടകോത്സവം (സർഗ്ഗാത്മക വികസനം) | • ഹിന്ദി നാടകോത്സവം (വിവിധ ക്ലാസ്സുകളിൽ നിന്ന് വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത്)<br>• വിദ്യാർത്ഥികൾക്ക് ക്യാമ്പ്, അഭിനയപരിശീലനം<br>• ശില്പശാലകൾ, ഹിന്ദി നാടകങ്ങൾ കാണാനുള്ള അവസരം, ക്ലാസ്തല അഭിനയ പരിശീലന അവസരം, വേദികളിൽ അവതരണത്തിന് അവസരം, പി.ടി.എ., സി.പി.ടി.എ., കോർണർ പി.ടി.എ.കളിൽ അവതരണം സ്കൂൾ വാർഷികം | 6 മാസം<br>(1 വർഷം)<br>മധ്യകാലം | അധ്യാപകൻ | 10000/–<br>സ്പോൺസർ ഷിപ്പ് |
| കുട്ടികൾക്കു അക്ഷരങ്ങൾ വ്യക്തമാക്കാൻ | ഓൺലൈൻ അക്ഷരമാല കളികൾ | 1 വർഷം | അദ്ധ്യാപിക | |
| ആനുകാലിക സംഭവങ്ങൾ പത്രവാർത്ത | പത്രവാർത്ത | 1 വർഷം | അദ്ധ്യാപിക | |

**അക്കാദിക മാസ്റ്റർപ്ലാൻ : A.M.M. T.T.I. & U.P.S., Maramon**

**വിഷയം : അടിസ്ഥാനശാസ്ത്രം**

**നിലവിലെ അവസ്ഥ : Term II മൂല്യനിർണ്ണയഫലം 5, 6, 7 ക്ലാസ്സുകളിൽ**

| ആകെ കുട്ടികൾ | | | A Grade | | | B Grade | | | C Grade | | | D Grade | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 5 | 6 | 7 | 5 | 6 | 7 | 5 | 6 | 7 | 5 | 6 | 7 | 5 | 6 | 7 |
| 27 | 25 | 38 | 4 | 8 | 4 | 4 | 10 | 5 | 10 | 2 | 11 | 5 | 5 | 18 |

- ശാസ്ത്രവിജ്ഞാന പരീക്ഷകളിൽ സബ്ജില്ലാ, ജില്ലാതലങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കാൻ കഴിയുന്നു.
- പരിമിതമായ സൗകര്യങ്ങളോടുകൂടിയ ഒരു പരീക്ഷണശാല ഉണ്ട്.
- ICT വിഭവങ്ങൾ ഉപയോഗിക്കാൻ കഴിയുന്നുണ്ട്.
- ജൈവോദ്യാനം ഒരുക്കാൻ ആവശ്യമായ സ്ഥലം ഉണ്ട്.

## പരിമിതികൾ

- മുഴുവൻ കുട്ടികളെയും നിശ്ചിതപഠനനേട്ടത്തിലെത്തിക്കാൻ കഴിഞ്ഞിട്ടില്ല.
- അന്വേഷണാത്മക പഠനത്തിന്റെ സാധ്യതകൾ ക്ലാസ്റൂം വിനിമയത്തിൽ ഉൾച്ചേർക്കാൻ കഴിയുന്നില്ല.
- ആവശ്യമായ ICT വിഭവങ്ങൾ ലഭ്യമല്ല.
- പ്രക്രിയശേഷികളിലും മനോഭാവമേഖലയിലും നിശ്ചിതനിലവാരം ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.
- പരീക്ഷണപ്രവർത്തനങ്ങളിൽ മുഴുവൻ കുട്ടികളെയും പങ്കാളികളാക്കാൻ കഴിയുന്നില്ല.

## ലക്ഷ്യങ്ങൾ

- കുട്ടികളിൽ ശാസ്ത്രീയ മനോഭാവം വളർത്തിയെടുക്കുക. ദൈനംദിനജീവിതത്തിൽ കുട്ടികൾ നേരിടുന്ന വിവിധ പ്രശ്നങ്ങളെ ശാസ്ത്രീയമായി സമീപിക്കുകയും പരിഹാരം കണ്ടെത്തുന്നതിനു കുട്ടികളെ പ്രാപ്തരാക്കുക.
- കുട്ടികൾ സ്വായത്തമാക്കിയ ആശയങ്ങൾ വിവിധ സന്ദർഭങ്ങളിൽ നിരീക്ഷിക്കുവാനും പ്രായോഗിക തലത്തിലേക്ക് എത്തിക്കുവാനും ഉള്ള കഴിവ് ആർജ്ജിക്കുക.

- ശാസ്ത്രതത്വങ്ങൾ മനസ്സിലാക്കി അവ പരീക്ഷണത്തിലൂടെ സ്വയം മനസ്സിലാക്കുവാനും ഉള്ള അവസരം ഉണ്ടാക്കുക.
- ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിന് കൃത്യമായും സൂക്ഷ്മമായും പരീക്ഷണം ചെയ്യുന്നതിനും ഉള്ള അവസരം ഉണ്ടാവുക.
- 5, 6, 7 ക്ലാസ്സുകളിലെ എല്ലാ കുട്ടികളിലും നിശ്ചിത പഠനനേട്ടങ്ങളെല്ലാം മനസ്സിലുറയ്ക്കാൻ പരീക്ഷണശാലയുടെ പ്രവർത്തനം മെച്ചപ്പെടുത്തുക.
- സബ്ജില്ലാതലത്തിലും ജില്ലാതലത്തിലും നടത്തിവരുന്ന വിവിധശാസ്ത്രമത്സരങ്ങളിൽ പങ്കെടുത്ത് വിജയം കൈവരിക്കത്തക്ക നിലവാരത്തിലേക്ക് കുട്ടികളെ എത്തിക്കുക.
- കുട്ടികളിൽ പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക.
- പ്രകൃതിയിലെ പരസ്പാരശ്രയത്വം തിരിച്ചറിയുക എന്ന ആശയവുമായി ബന്ധപ്പെട്ട ഒരു ജൈവവൈവിധ്യപാർക്ക് നിർമ്മിക്കുക.

# പ്രവർത്തനങ്ങൾ

## ഹ്രസ്വകാല പ്രവർത്തനങ്ങൾ

### 1. ശാസ്ത്രോത്സവം

5, 6, 7 ക്ലാസ്സുകളിലെ നിശ്ചിത പഠനനേട്ടം ഉറപ്പുവരുത്തുന്നതിനായി പരീക്ഷണം രൂപകല്പന ചെയ്യുക. ആവശ്യമായ സാമഗ്രികൾ കണ്ടുപിടിക്കുക. അധ്യാപകരുടെയും രക്ഷകർത്താക്കുളുടെയും മറ്റു പ്രാദേശിക വിദഗ്ദ്ധരുടെയും സഹായത്തോടെയും നേതൃത്വത്തിലും എല്ലാ കുട്ടികളുടെയും പങ്കാളിത്തത്തോടെ വിവിധ പരീക്ഷണങ്ങൾ ചെയ്യുവാൻ അവസരമൊരുക്കുന്നു. എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുന്നതോടൊപ്പം കുട്ടികളിൽ ശാസ്ത്ര അഭിരുചി വളർത്തിയെടുക്കുവാൻ സഹായിക്കുന്നു. വിവിധശാസ്ത്ര ഉപകരണങ്ങൾ പരിചയപ്പെടുത്തുക, ശാസ്ത്ര ഫിലിം പ്രദർശനം, കുട്ടികളുടെ ശാസ്ത്രനാടകങ്ങൾ ഇവയൊക്കെ പരിപാടിയുടെ വിവിധപ്രവർത്തനങ്ങളാണ്.

### 2. ശാസ്ത്രലാബ് വിപുലീകരിക്കുക

5, 6, 7 ക്ലാസ്സുകളിലെ ശാസ്ത്രപഠനത്തിലെ എല്ലാ പഠനനേട്ടങ്ങളും നേടി എന്നുറപ്പുവരുത്തുന്നതിനായി, എല്ലാ പ്രവർത്തനങ്ങളും ചെയ്യാൻ ആവശ്യമായ സാമഗ്രികൾ ശാസ്ത്രലാബിൽ ക്രമീകരിക്കുക. എല്ലാ കുട്ടികളുടെയും പങ്കാളിത്ത

ത്തോടെ പരീക്ഷണങ്ങൾ രൂപകല്പന ചെയ്ത് പ്രാവർത്തികമാക്കത്തക്കരീതിയിൽ ശാസ്ത്രലാബ് വിപുലീകരിക്കുക.

## ദീർഘകാല പ്രവർത്തനങ്ങൾ

## 3. എല്ലാ ക്ലാസ്സുകളിലും ശാസ്ത്രമാസികകൾ, ശാസ്ത്രലൈബ്രറി വിപുലീകരിക്കുക.

കേരള ശാസ്ത്രസാഹിത്യ പരിഷത്തുമായി സഹകരിച്ച എല്ലാ ക്ലാസ്സുകളിലും എല്ലാ ക്ലാസ്സുകളിലും എല്ലാ മാസവും ശാസ്ത്രമാസികകൾ നല്കുക. ശാസ്ത്ര ലൈബ്രറിയുടെ പ്രവർത്തനം വിപുലീകരിക്കുക. ശാസ്ത്ര ലൈബ്രറിയുടെ പ്രവർത്തനം വിപുലീകരിക്കുക. ശാസ്ത്രപുസ്തകങ്ങൾ ലൈബ്രറിയിൽ ലഭ്യമാക്കുക. എല്ലാ കുട്ടികൾക്കും ലൈബ്രറിയിൽ അംഗത്വം ഉണ്ടാക്കുക. വായിക്കുവാനുള്ള അവസരം ഒരുക്കുക.

## 4. ദിനാചരണങ്ങൾ

ശാസ്ത്രപ്രാധാന്യമുള്ള ദിനങ്ങൾ ആചരിക്കുക. ബന്ധപ്പെട്ട ക്വിസ്, സെമിനാർ, പ്രബന്ധാവതരണം ഇവ പരിപാടിയിൽ ഉൾപ്പെടുത്തുക. ശാസ്ത്ര അതിഥികൾ, പൂർവ്വ വിദ്യാർത്ഥികൾ ഇവരുടെ സേവനം ലഭ്യമാക്കുക.

## 5. ശാസ്ത്രക്ലബ് വിപുലീകരിക്കുക

ക്ലബ്ബിന്റെ പ്രവർത്തനം വിപുലീകരിക്കുക. 5, 6, 7 ക്ലാസ്സുകളിലെ എല്ലാ കുട്ടികളെയും അംഗങ്ങളാക്കുക. ആഴ്ചയിലൊരിക്കൽ ക്ലബ് മീറ്റിംഗ് കൂടുക. പുതിയ അറിവുകൾ ലഭ്യമാക്കുക. വിവിധ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുക. പഠനോപകരണങ്ങൾ നിർമ്മിക്കാനവസരം ഉണ്ടാക്കുക.

## 4. ജൈവ വൈവിധ്യപാർക്ക്

സ്കൂൾ ഒരു ശാസ്ത്രപാഠപുസ്തകം – എന്ന ആശയം കുട്ടികളിലെത്തിക്കുക എന്ന ലക്ഷ്യത്തോടുകൂടി ഒരു ജൈവവൈവിധ്യപാർക്ക് നടപ്പാക്കുക. പച്ചക്കറിത്തോട്ടം, ഔഷധത്തോട്ടം, ശലഭോദ്യോനം, ഫൗണ്ടെയ്ൻ എന്നിവ ഉണ്ടാക്കുക. ഇവയെല്ലാം വേണ്ട രീതിയിൽ സംരക്ഷിക്കുവാൻ ആവശ്യമായ നടപടികൾ ചെയ്യുക.

## പ്രവർത്തനകലണ്ടർ - ഹ്രസ്വകാല പ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | വിശദാംശങ്ങൾ | കാലയളവ് | പ്രതീക്ഷിക്കുന്ന തുക |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്രീയ മനോഭാവം വളർത്തിയെടുക്കുക | ശാസ്ത്രോത്സവം | 5, 6, 7 ക്ലാസ്സുകളിലെ നിശ്ചിത പഠനനേട്ടം ഉറപ്പുവരുത്തുന്നതിനായി പരീക്ഷണം രൂപകല്പന ചെയ്യുക. ആവശ്യമായ സാമഗ്രികൾ ശേഖരി-ക്കുക. അധ്യാപകരുടെയും രക്ഷ-കർത്താക്കളുടെയും പ്രാദേശിക വിദഗ്ദ്ധരുടെയും സേവനം ലഭ്യമാക്കുക<br>ശാസ്ത്രഫിലിം, ശാസ്ത്രനാടകം ഇവ പരിപാടിയിൽ ഉൾപ്പെടുത്തുക. | 2-7 മാസം | 5000 രൂപ |
| കുട്ടികൾ സ്വായത്തമാക്കിയ ആശയങ്ങൾ വിവിധ സന്ദർഭങ്ങളിൽ നിരീക്ഷി-ക്കുവാനും പ്രായോഗിക തലത്തിലേക്ക് എത്തിക്കു ക്കുവാനും ഉള്ള കഴിവ് ആർജ്ജിക്കുക. | ശാസ്ത്രലാബ് വിപുലീകരിക്കുക നിശ്ചിതപഠനനേട്ടം കൈവരിക്കുവാൻ ആവശ്യമായ വർക്ക്ഷീറ്റ് തയ്യാറാക്കുക | 5, 6, 7 ക്ലാസ്സുകളിൽ എല്ലാ പഠനനേട്ടവും നേടി എന്നുറപ്പ് വരുത്തുന്നതിനായി എല്ലാ പ്രവർ-ത്തനങ്ങളും ചെയ്യാൻ ആവശ്യമായ സാമഗ്രികൾ ശാസ്ത്രലാബിൽ ക്രമീകരിക്കുക.<br>ഓരോ പാഠവുമായി ബന്ധപ്പെട്ട നിശ്ചിത പഠനനേട്ടം കൈവരിച്ചു എന്നതിനുള്ള വർക്ക്ഷീറ്റ് ചെയ്യുന്ന തിനുള്ള അവസരം ഉണ്ടാവുക. | 2 - 7 മാസം | 5000 രൂപ<br>5000 രൂപ |

## പ്രവർത്തനകലണ്ടർ - മധ്യകാല പ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | വിശദാംശങ്ങൾ | കാലയളവ് | പ്രതീക്ഷിക്കുന്ന തുക |
|---|---|---|---|---|
| ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിനും കൃത്യമായ കൃത്യമായും സൂക്ഷ്മ മായും പരീക്ഷണം ചെയ്യുന്നതിനും ഉള്ള അവസരം ഉണ്ടാവുക | ശാസ്ത്രലാബ്<br>ശാക്തീകരണം<br>ശാസ്ത്ര സഹവാസ ക്യാമ്പ്<br>ശാസ്ത്രശില്പശാല | പഠനനേട്ടങ്ങൾക്കനുസരിച്ച് ഉപകരണങ്ങൾ നിർമ്മിക്കുവാ-നുള്ള അവസരങ്ങൾ ഉണ്ടാക്കുക വിവിധ പരീക്ഷണങ്ങൾ ചെയ്യുക | 1 - 2 വർഷം | 5000 |
| നിരന്തരമൂല്യ നിർണ്ണയ നടപ്പിലാക്കുക | യൂണിറ്റടിസ്ഥാനത്തിൽ വർക്ക്ഷീറ്റുകൾ തയ്യാറാക്കി കുട്ടികൾക്കു ചെയ്യു-വാനുള്ള അവസരം | ഓരോ യൂണിറ്റുമായി ബന്ധപ്പെട്ട വർക്ക്ഷീറ്റുകൾ തയ്യാറാക്കുക കുട്ടികൾ ചെയ്ത് മൂല്യനിർണ്ണയ-ത്തിന് വിധേയമാക്കുക. | 1 - 2 വർഷം | 5000 രൂപ |

## പ്രവർത്തനകലണ്ടർ – ദീർഘകാല പ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | വിശദാംശങ്ങൾ | കാലയളവ് | പ്രതീക്ഷിക്കുന്ന തുക |
|---|---|---|---|---|
| സബ്ജില്ലാതലത്തിലും ജില്ലാതലത്തിലും നടത്തി വരുന്ന വിവിധ ശാസ്ത്ര മത്സരങ്ങളിൽ പങ്കെടുത്ത് വിജയം കൈവരിക്കുക | ദിനാചരണങ്ങൾ | ശാസ്ത്രപ്രാധാന്യമുള്ള ദിനങ്ങൾ, ആചരിക്കുക ദിനവുമായി ബന്ധപ്പെട്ട ക്വിസ്, സെമിനാർ, പ്രബന്ധാവതരണം ഇവ പരിപാടിയിൽ ഉൾപ്പെടുത്തുക: ശാസ്ത്രഅതിഥികൾ, പൂർവ്വ വിദ്യാർത്ഥികൾ ഇവരുടെ സേവനം ലഭ്യമാക്കുക | 6 മാസം മുതൽ തുടരുന്നു | |
| കുട്ടികളിൽ പരിസ്ഥിതി സൗഹൃദമനോഭാവം വളർത്തിയെടുക്കുക | ശാസ്ത്രമാസികകൾ<br>ശാസ്ത്രലൈബ്രറി വിപുലീകരിക്കുക | കേരളശാസ്ത്രസാഹിത്യപരിഷത്തുമായി സഹകരിച്ച എല്ലാ ക്ലാസ്സു-കളിലും ശാസ്ത്രമാസികകൾ | | 1000 രൂപ<br>5000 രൂപ<br>10000 രൂപ |
| പ്രകൃതിയിലെ പരസ്പ-രാശ്രയത്വം തിരിച്ചറിയുക | ശാസ്ത്രക്ലബ് വിപുലീകരിക്കുക | ലഭ്യമാക്കുക. ശാസ്ത്ര ലൈബ്രറിയുടെ പ്രവർത്തനം വിപുലീകരിക്കുക | | 1 ലക്ഷം |
| ICT സാധ്യതകൾ ഉൾപ്പെടുത്തി ശാസ്ത്രപഠനം | ജൈവവൈവിധ്യ പാർക്ക്<br><br>ICT ഉപയോഗിച്ച് പാഠവുമായ ബന്ധപ്പെട്ട വിവരശേഖരണം സാധ്യമാക്കുക | സ്കൂൾ ഒരു പാഠപുസ്തകം – എന്ന ആശയം കുട്ടികളിലെത്തിക്കുക എന്നലക്ഷ്യത്തോടുകൂടി ഒരു ജൈവ വൈവിധ്യപാർക്ക് നടപ്പിലാക്കുക. തുടർപ്രവർത്തനങ്ങൾ നടപ്പിലാക്കുക. | | 1 ലക്ഷം |

# ഉപസംഹാരം

പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി വിദ്യാലയങ്ങളെല്ലാം മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി ഈ വിദ്യാലയവും മികവിന്റെ കേന്ദ്രമാക്കി മാറ്റുക, കുട്ടികളുടെ അവകാശങ്ങളെ സംരക്ഷിച്ച് ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ തയ്യാറാക്കിയ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ പൊതുസമൂഹത്തിന് ഉതകുന്നതാവണം.

അബ്രഹാം മൽപാൻ മെമ്മോറിയൽ ടി.ടി.ഐ. & യു. പി സ്കൂളിന്റെ അക്കാദമിക മാസ്റ്റർപ്ലാൻ 2025-26 എന്ന പേരിൽ ഇവിടെ തയ്യാറാക്കിയിട്ടുള്ളത്. ദേശീയ അധ്യാപക പരിശീലനസമിതിയുടെ നിർദ്ദേശമനുസരിച്ച് ഐ.ടി.ഇ. പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തണമെങ്കിൽ അതിനാവശ്യമായ സംവിധാനങ്ങളും സൗകര്യങ്ങളും ഒരുക്കേണ്ടതുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ അടുത്ത അഞ്ചു വർഷംകൊണ്ട് പൂർത്തീകരിക്കേണ്ട പദ്ധതി നിർദ്ദേശങ്ങളാണ് തയ്യാറാക്കിയിട്ടുള്ളത്. എയ്ഡഡ് സ്കൂളായതിനാൽ ഗവൺമെന്റിൽ നിന്നും ലഭ്യമാകുന്ന ആനുകൂല്യങ്ങൾ വളരെ പരിമിതമാണ്. എങ്കിലും വിദ്യാലയം മികവിന്റെ കേന്ദ്രമാകണം എന്ന സാക്ഷാത്കാരം ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

ഇതിൽ ടി.ടി.ഐ & യു.പി. സ്കൂൾ അധ്യാപകർ, പി.ടി.എ. മാനേജ്മെന്റ്, സന്നദ്ധസംഘടനകൾ, പൊതുസമൂഹം തുടങ്ങിയവയുടെ സഹായത്തോടൊപ്പം ഗവൺമെന്റിന്റെ സഹായവും സജീവ സഹകരണവും പ്രതീക്ഷിച്ചു കൊണ്ടും ഗവൺമെന്റ് വിദ്യാഭ്യാസ വിഭാഗത്തിന്റെയും പൊതുസമൂഹത്തിന്റെയും ചർച്ചയ്ക്കായും ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26 സമർപ്പിക്കുന്നു.